<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4628 29.06.2012-ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | 1. കേന്ദ്ര-സംസ്ഥാന തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനും കൃത്യമായി ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് ആയിരം പ്രൊമോട്ടർമാരെ നിയമിക്കുന്നതിനും സെമിനാറുകളും ബോധവൽക്കരണ ക്യാമ്പുകളും നടത്തുന്നതിനുമായി സമഗ്ര പദ്ധതി.<br><br>2. നടപ്പുസാമ്പത്തിക വർഷത്തേയ്ക്ക് സപ്തധാര പദ്ധതിയിൽപ്പെടുത്തി വിവാഹമോചിതരും കഴിഞ്ഞ 5 വർഷമായി പുനർവിവാഹം ചെയ്യാത്തവരും സ്വന്തമായി കിടപ്പാടമില്ലാത്തവരും സർക്കാർ ജോലിവഴിയോ അല്ലാതെയോ സ്ഥിരവരുമാനം ഉള്ള ആൺമക്കളില്ലാത്തവരുമായ ന്യൂനപക്ഷ വനിതകൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.<br><br>3. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് ന്യൂനപക്ഷ വനിതകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും കുടുംബശ്രീ മാതൃകയിൽ അവർക്ക് ആവശ്യമായ തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിനുള്ള പദ്ധതി.<br><br>4. നിലവിൽ അഞ്ചു ജില്ലകളിലായി പ്രവർത്തിക്കുന്ന 6 പരിശീലന കേന്ദ്രങ്ങൾക്കു പുറമെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ കൊണ്ട് വരുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് ഉപകാര പ്രദമാകുന്ന വിധത്തിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടി. |

5. പലിശരഹിതമായി പുനരാവിഷ്ക്കരിക്കപ്പെട്ട മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിയിൽ മുഴുവൻ പേരെയും അംഗങ്ങളാക്കാനുള്ള തീവ്ര കർമ്മ പരിപാടി ആവിഷ്ക്കരിക്കും.

6. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരണം.

7. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരണം.

8. മുസ്ലീം യുവജനതയ്ക്കായി പ്രീ-മാരിറ്റൽ കൗൺസിലിംഗ് ആരംഭിക്കുക.

9. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി വ്യക്തിത്വ വികസന പരിപാടികൾ നടപ്പിലാക്കുക.

10. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് കോഴ്സുകൾ ആരംഭിക്കുക.

11. വിദേശത്തും സ്വദേശത്തുമുള്ള സാങ്കേതിക തൊഴിൽ മേഖലയിലെ അവസരങ്ങൾ ലഭ്യമാക്കത്തക്കവിധം ന്യൂനപക്ഷ യുവജനതയെ പരിശീലിപ്പിക്കുന്നതിനായി ഫിനിഷിംഗ് സ്കൂൾ സംവിധാനങ്ങൾ നടപ്പാക്കുന്നതിനുള്ള പദ്ധതി.

12. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട വിഭാഗത്തിൽ പ്പെട്ട 200 വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് അക്കാദമി പോലെയുള്ള സ്ഥാപനങ്ങളിൽ ഫീസ് റീ ഇംബേഴ്സ് ചെയ്യാനുള്ള പദ്ധതി.

13. കൂടാതെ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്ലാൻ വ്യാപനവുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നും 50 ബ്ലോക്കുകൾ കണ്ടെത്തി ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളായി പ്രഖ്യാപിക്കാൻ വേണ്ട പ്രപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ആഫീസർ.